പ്രകാശവചനം ● **ശമീം ചൂനൂർ**

# ഇഅ്തികാഫ് എന്ന പുണ്യകർമം

عَنْ عَائشة رَضِيَ اللَّهُ عَنْها: أنّ النّبِيّ ﷺ كَانَ يَعْتَكِفُ العَشْرَ الأَوَاخِرَ مِنْ رَمَضَانَ حَتّى تَوَفّاهُ الله ثُمّ إعْتَكَفَ اَزْوَاجُهُ مِنْ بَعْدِه

ആഇശ (റ)യിൽ നിന്ന് നിവേദനം: നിശ്ചയം റസൂൽ (സ) തന്റെ വിയോഗം വരെ റമദാനിലെ അവസാനത്തെ പത്ത് ദിവസങ്ങളിൽ ഇഅ്തികാഫ് ഇരുന്നിരുന്നു, അനന്തരം അവിടുത്തെ ഭാര്യമാരും ഇഅ്തികാഫ് ഇരുന്നു (ബുഖാരി, മുസ്‌ലിം)

ഭൗതിക ജീവിതത്തിന്റെ തിരക്കു പിടിച്ച ഓട്ടത്തിനിടയിൽ അല്ലാഹുവിന്റെ സാമീപ്യം മാത്രം കൊതിച്ച് സദാസമയവും ദൈവസ്മരണയിലും ഇബാദത്തുകളിലുമായി ഹൃദയത്തെ ശുദ്ധീകരിക്കാൻ വേണ്ടി പള്ളിയിൽ കഴിച്ചുകൂട്ടുന്നതിനെയാണ് ഇഅ്തികാഫ് എന്ന് പറയുന്നത്. ഈ ദൈവിക ഉപവാസത്തിലൂടെ വിശ്വാസി തന്റെ മനസ്സിൽ അള്ളിപ്പിടിച്ച് കിടക്കുന്ന ജീർണതകളെ കഴുകി വൃത്തിയാക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുന്നത് പ്രവാചക(സ)ന്റെ സുന്നത്താണെന്ന് വ്യക്തമാക്കിത്തരികയാണ് ഈ തിരുവചനം. അത് റമദാനിലെ അവസാനത്തെ പത്ത് നാളുകളിലാക്കുന്നത് ഏറെ പുണ്യകരമാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

ജീവിതത്തെ പുതുക്കിപ്പണിയാനും ഹൃദയത്തെ പരിശുദ്ധമാക്കാനും അല്ലാഹുവിന്റെ സാമീപ്യം നേടിയെടുക്കാനും വേണ്ടി വിശ്വാസി നടത്തുന്ന ഈ തപസ്സിന് വലിയ പ്രതിഫലമാണ് പ്രവാചകൻ വാഗ്ദാനം ചെയ്യുന്നത്. ഇബ്നു അബ്ബാസ് (റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം: “ഇഅ്തികാഫ് അ

നുഷ്ഠിക്കുന്നവന് തെറ്റുകുറ്റങ്ങൾ തടഞ്ഞു നിർത്താൻ കഴിയുന്നു. എല്ലാ നന്മയും ചെയ്യുന്നവരെപ്പോലെ തന്റെ പേരിൽ ധാരാളം സൽക്കർമങ്ങൾ രേഖപ്പെടുത്തപ്പെടാൻ അത് കാരണമാവുകയും ചെയ്യുന്നു" (ഇബ്നുമാജ). അഥവാ ഒരാൾ ഇഅ്തികാഫ് ഇരിക്കുന്നത് കൊണ്ട് അയാളുടെ പാപങ്ങൾ തടയുക മാത്രമല്ല ചെയ്യുന്നത്. അദ്ദേഹം പള്ളിക്ക് പുറത്താകുമ്പോൾ ചെയ്യാൻ സാധ്യതയുള്ള എല്ലാ നന്മകൾക്കുമുള്ള പ്രതിഫലം അല്ലാഹു അയാളുടെ കണക്കുപുസ്തകത്തിൽ എഴുതിച്ചേർക്കുന്നു എന്നർഥം.

ഇഅ്തികാഫ് സുന്നത്താണ് എന്ന കാര്യത്തിൽ പണ്ഡിതർ ഏകാഭിപ്രായക്കാരാണ്. അനസ് (റ) നിവേദനം ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം: "നബി (സ) റമദാൻ മാസത്തിലെ അവസാനത്തെ പത്ത് ദിവസങ്ങളിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. ഒരു കൊല്ലം പ്രവാചകൻ ഇഅ്തികാഫ് ഇരുന്നില്ല. അടുത്ത വർഷം ഇഅ്തികാഫ് ഇരിക്കുകയും ചെയ്തു" (തിർമിദി, അബൂ ദാവൂദ്). ഇഅ്തികാഫ് ഫർദോ വാജിബോ അല്ല എന്ന് ഈ ഹദീസിൽ നിന്ന് വ്യക്തമാണ്. ഫർദായിരുന്നുവെങ്കിൽ നബി (സ) ഒരു കൊല്ലം പോലും അത് ഉപേക്ഷിക്കുമായിരുന്നില്ല. എങ്കിലും പ്രവാചകൻ മരണം വരെ നിർവഹിച്ച ഒരു പ്രബലമായ സുന്നത്തായിട്ടാണ് എല്ലാ പണ്ഡിതന്മാരും ഇഅ്തികാഫിനെ കാണുന്നത്. എന്നാൽ, ആരെങ്കിലും ഇഅ്തികാഫ് നേർച്ചയാക്കുകയാണെങ്കിൽ അത് അയാളുടെ മേൽ നിർബന്ധമാണ്. ഇബ്നു ഉമറി(റ)ൽ നിന്ന് നിവേദനം. ഉമർ (റ) നബിയോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, മസ്ജിദുൽഹറാമിൽ ഒരു രാത്രി ഇഅ്തികാഫ് ഇരിക്കാൻ ജാഹിലിയ്യാ കാലത്ത് ഞാൻ നേർച്ച നേർന്നിരുന്നു. പ്രവാചകൻ പറഞ്ഞു: എങ്കിൽ നേർച്ച പാലിക്കുക. അങ്ങനെ അദ്ദേഹം ഒരു രാത്രി അവിടെ ഇഅ്തികാഫ് ഇരുന്നു" (ബുഖാരി, മുസ്‌ലിം).

സ്ത്രീയാണെങ്കിലും പുരുഷനാണെങ്കിലും പള്ളിയിൽ തന്നെയാണ് ഇഅ്തികാഫ് ഇരിക്കേണ്ടത് എന്നാണ് ഇമാം ശാഫിഈ, ഇമാം മാലിക്, ഇമാം അഹ്മദ് എന്നിവരുടെ അഭിപ്രായം. അബൂഹനീഫയുടെ അഭിപ്രായത്തിൽ സ്ത്രീകൾക്ക് വീട്ടിൽ പ്രത്യേകം സജ്ജമാക്കിയ നമസ്കാരസ്ഥലത്ത് ഇഅ്തികാഫ് ഇരിക്കാം എന്നാണ്. ഐഛികമായ ഇഅ്തികാഫിന് നിർണിതമായ ഒരു സമയം നിർബന്ധമില്ല, ഒരു ദിവസമോ ഒരു രാത്രിയോ ഏതാനും മണിക്കൂറുകൾ മാത്രമോ ഇഅ്തികാഫിരിക്കാം. ഇഅ്തികാഫ് അനുഷ്ഠിക്കുന്നവൻ ഐഛികമായ ഇബാദത്തുകൾ വർധിപ്പിക്കുന്നത് അഭിലഷണീയമാണ്. ഖുർആൻ പാരായണവും തക്ബീറും തഹ്‌ലീലും പാപമോചന പ്രാർഥനകളും കൊണ്ട് മനസ്സിനെ പരിശുദ്ധമാക്കി ദൈവത്തിലേക്കടുപ്പിക്കുന്ന പുണ്യകർമങ്ങളാൽ സജീവമാകണം അവന്റെ ദിനരാത്രങ്ങൾ. ദീനീവിജ്ഞാന സമ്പാദനവും ഖുർആൻ വ്യാഖ്യാനങ്ങളും ഹദീസ് ഫിഖ്ഹീ ഗ്രന്ഥങ്ങളും ചരിത്ര ഗ്രന്ഥങ്ങളും പാരായണം ചെയ്യാനും അവൻ സമയം കണ്ടെത്തേണ്ടതുണ്ട്.

എന്നാൽ, മനുഷ്യന്റെ പ്രകൃതിപരമായ ആവശ്യങ്ങളും ജീവിത വ്യവഹാരങ്ങളുമെല്ലാം ഉപേക്ഷിച്ചുകൊണ്ടുള്ള ഒരാത്മീയ തപസ്സായിട്ടല്ല ഇസ്‌ലാം ഇഅ്തികാഫിനെ കാണുന്നത്. പ്രകൃതിപരമായ ആവശ്യങ്ങൾക്ക് വേണ്ടി പള്ളിയിൽ നിന്ന് പുറത്തുപോകുന്നത് കൊണ്ട് അവന്റെ ഇഅ്തികാഫിന് ഒരു കോട്ടവും സംഭവിക്കുകയില്ല. അലി (റ) പറഞ്ഞതായി സഅ്ദുബ്നു മൻസൂർ (റ) നിവേദനം ചെയ്യുന്നു: "ആരെങ്കിലും ഇഅ്തികാഫ് അനുഷ്ഠിക്കുകയാണെങ്കിൽ അവൻ മയ്യിത്ത് സംസ്കരണത്തിൽ പങ്കെടുത്തുകൊള്ളട്ടെ, രോഗികളെ സന്ദർശിക്കുകയും ചെയ്യട്ടെ." ആഇശ (റ) നിവേദനം ചെയ്യുന്നു: "ഇഅ്തികാഫ് ഇരിക്കുമ്പോൾ തന്നെ തിരുമേനി രോഗിയുടെ അടുത്ത് പോവുകയും ക്ഷേമാന്വേഷണം നടത്തി നേരെ നടന്നു പോരുകയും ചെയ്തിരുന്നു" (അബൂ ദാവൂദ്). സമസൃഷ്ടികളുമായുള്ള എല്ലാ ബന്ധങ്ങളും മുറിച്ചുമാറ്റുന്ന ഉപവാസമല്ല തിരുമേനി ഇഅ്തികാഫ് കൊണ്ട് ഉദ്ദേശിച്ചതെന്ന് ഈ ഹദീസിൽ നിന്ന് വ്യക്തമാകുന്നു. സ്രഷ്ടാവിനെ സ്നേഹിക്കുന്ന പോലെത്തന്നെ അവന്റെ സൃഷ്ടികളെയും സ്നേഹിക്കാൻ കഴിയുന്ന പുണ്യകരമായ തപസ്സാണ് ഇസ്‌ലാമിലെ ഇഅ്തികാഫ്. ■